# Telephone Conversation between Prime Minister ShriNarendraModi and H.E. Boris Johnson, Prime Minister of the United Kingdom

March 12, 2020

---

## പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസണും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

**മാർച്ച് 12, 2020**

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയെ ബ്രിട്ടിഷ് പ്രധാനമന്ത്രിയായ ബോറിസ് ജോൺസൻ ഇന്ന് ഫോണിൽ ബന്ധപ്പെട്ടു.

വരുന്ന ദശാബ്ദത്തിൽ ഇന്ത്യ- യു കെ നയതന്ത്ര പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താനുള്ള തങ്ങളുടെ ആഗ്രഹം ഇരു നേതാക്കളും പങ്കു വയ്ച്ചു. ഈ ലക്ഷ്യത്തിനായി സമഗ്രമായ ഒരു പദ്ധതിക്രമം രൂപപ്പെടുത്തേണ്ടത് ഉപകാരപ്രദമാണെന്നു അവർ സമ്മതിച്ചു.

കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ഇന്ത്യയും യുകെയും തമ്മിലുള്ള സഹകരണത്തിൽ നേതാക്കൾ അവരുടെ സംതൃപ്തി പ്രകടിപ്പിച്ചു, പ്രത്യേകിച്ചും കോളിഷൻ ഫോർ ഡിസാസ്റ്റർ റീസൈലന്റ് ഇൻഫ്രാസ്ട്രക്ചറിനെ (CDRI) പരാമർശത്തെ കുറിച്ച്. ഈ വർഷത്തിൽ ഗ്ലാസ്ഗോവിൽ വരാനിരിക്കുന്ന COP -26 നുള്ള ക്ഷണത്തിന് പ്രധാനമന്ത്രി മോഡി പ്രധാനമന്ത്രി ജോൺസണ് നന്ദി പറഞ്ഞു.

കോവിഡ് -19 മഹാവ്യാധി നെ കുറിച്ചുള്ള കാഴ്ചപ്പാടുകളും രണ്ട് പ്രധാനമന്ത്രിമാരും കൈമാറി. കൊറോണവൈറസ് ടെസ്റ്റിൽ പോസിറ്റിവായ യു കെ ആരോഗ്യ മന്ത്രി മിസ് നദിൻ ഡോറിസിന്റെ കാര്യത്തിൽ അദ്ദേഹം ആകാംഷ പ്രകടിപ്പിച്ചു കൂടാതെ വേഗത്തിൽ സുഖമാകുന്നതിനായി ആശംസിക്കുകയും ചെയ്തു.

പരസ്പരം സൗകര്യപ്രദമാകുന്ന തീയതിയിൽ ഇന്ത്യ സന്ദർശിക്കാൻ പ്രധാന മന്ത്രി മോഡി ജോൺസണെ ക്ഷണിക്കുകയുണ്ടായി.

ന്യൂ ഡൽഹി
12 മാർച്ച്, 2020

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.